**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 593 04.02.2020-ലെ മറുപടിയ്ക്ക്

# സ്പോർട്ട്സ് അക്കാദമിയും ഹോസ്റ്റലും

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.സുരേഷ് കുറുപ്പ്** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് സ്പോർട്ട്സ് കൗൺസിലിന്റെ സാമ്പത്തിക സഹായത്തോടുകൂടി സ്പോർട്ട്സ് അക്കാദമിയും സ്പോർട്ട്സ് ഹോസ്റ്റലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ), (ബി), (സി), (ഡി), (ഇ) & (എഫ്) | നിലവിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 25 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവ പ്രവർത്തിച്ചു വരുന്നു. മേൽപ്പറഞ്ഞ അക്കാഡമികൾക്ക് പുറമെ പുതിയ അക്കാഡമികൾ ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ലാത്തതിനാൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. |
| (ബി) | സ്പോർട്ട്സ് അക്കാദമിയും സ്പോർട്ട്സ് ഹോസ്റ്റലും ആരംഭിക്കുന്നതിന് വ്യക്തികൾ , സ്വകാര്യസ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | | |
| (സി) | പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനായി എന്തെല്ലാം പ്രാഥമിക കാര്യങ്ങളാണ് ഒരുക്കേണ്ടത്; പശ്ചാത്തല സൗകര്യങ്ങൾ എന്തെല്ലാമാണ്;വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ജില്ലാതലത്തിൽ സ്പോർട്ട്സ് അക്കാദമിയും ഹോസ്റ്റലും ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോ; ഓരോ ജില്ലയിൽ നിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അപേക്ഷകരുടെ പേരും വ്യക്തമാക്കുമോ; | | |
| (ഇ) | സ്പോർട്ട്സ് കൗൺസിലിൽ നിന്നോ സർക്കാരിൽ നിന്നോ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ; | | |
| (എഫ്) | സർക്കാർ സ്ഥാപനങ്ങൾക്കും സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കും സ്പോർട്ട്സ് അക്കാദമികൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുമോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**